പതിനഞ്ചാം കേരളനിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി

(2023-2026)

എട്ടാമത് റിപ്പോർട്ട്

സമിതി (2009-11)-യുടെ 11-ാം മത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരളനിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി

(2023-2026)

എട്ടാമത് റിപ്പോർട്ട്

സമിതി (2009-11)-യുടെ 11-ാം മത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

627/2026.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
ആമുഖം	..	vii
റിപ്പോർട്ട്	..	1-23

സമിതിയുടെ ഘടന

(2019-2021)

ചെയർപേഴ്സൺ :

ശ്രീ. വി. ജോയി, എം.എൽ.എ.*

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.

ശ്രീമതി കെ. കെ. രമ, എം.എൽ.എ.

ശ്രീ. എച്ച്. സലാം, എം.എൽ.എ.

ശ്രീ. സനീഷ് കുമാർ ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ-ചാർജ്ജ്

ശ്രീമതി എം. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി

ശ്രീ. സ്വാമിനാഥൻ കെ., അണ്ടർ സെക്രട്ടറി

*16-1-2026-ലെ ബുള്ളറ്റിൻ നമ്പർ 690 (ഭാഗം II) പ്രകാരം സമിതി അദ്ധ്യക്ഷനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി (2023-26)-യുടെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2009-11)-യുടെ പതിനൊന്നാമത് റിപ്പോർട്ട് 2010 മാർച്ച് 18-ാം തീയതി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 23-2-2026 തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. ജോയി

തിരുവനന്തപുരം,
24 -2- 2026.

ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

സമിതി (2009-11)-യുടെ പതിനൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായി ഉണ്ടായിട്ടുള്ള വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ഹർജികൾ സംബന്ധിച്ച സമിതി (2009-11) പഠനം നടത്തുകയുണ്ടായി. സമിതി കമ്പനിയും പരിസര പ്രദേശങ്ങളും സന്ദർശിക്കുകയും കമ്പനി പ്രതിനിധികൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പ്ലാച്ചിമട സമര സമിതി ഭാരവാഹികൾ, പരിസരവാസികൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെളിവെടുക്കുകയും കമ്പനിയുടെ പ്രവർത്തനം മൂലം പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ നേരിടേണ്ടിവരുന്ന കുടിവെള്ള പ്രശ്നം, മലിനീകരണം, ഭൂഗർഭജലമലിനീകരണം, വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, രോഗബാധിതർക്കും തൊഴിൽ നഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ട പരിഹാരം മറ്റ് വിവിധ സാമൂഹ്യ പ്രശ്നങ്ങൾ, പരിസ്ഥിതി നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പഠനവും ചർച്ചകളും നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിപ്പോർട്ട് തയ്യാറാക്കി സമിതി (2009-11)-യുടെ പതിനൊന്നാമത് റിപ്പോർട്ടായി 18-3-2010-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 9, 10, 11, 12, 14, 15, 16, 17 എന്നിവയിലായി ആകെ എട്ട് ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ടി റിപ്പോർട്ടിന്റെ പകർപ്പ് 9-4-2010-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, ജലവിഭവം, വ്യവസായം, ആരോഗ്യകുടുംബക്ഷേമം, തൊഴിലും നൈപുണ്യവും, പരിസ്ഥിതി, നിയമം, പാർലമെന്ററികാര്യം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 27-5-2010-ലെ കത്ത് മുഖേനയും വ്യവസായ (ജെ) വകുപ്പ് 30-6-2010-ലെ കത്ത് മുഖേനയും പാർലമെന്ററികാര്യ വകുപ്പ് 20-7-2010-ലെ കത്ത് മുഖേനയും, നിയമ (പാർലമെന്റ്) വകുപ്പ് 25-8-2011-ലെ കത്ത് മുഖേനയും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 9, 12 എന്നിവയിലെ ശിപാർശകളിന്മേൽ ജലവിഭവ (ജലവിതരണ സി) വകുപ്പ് 26-3-2011-ലെ കത്ത് മുഖേനയും, 10, 16, 17 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ജലവിഭവ (പി.എസ്.) വകുപ്പ് 8-12-2010-ലെ കത്ത് മുഖേനയും ഖണ്ഡിക 15-ലെ ശിപാർശയിന്മേൽ ജലവിഭവ (ഭൂജല) വകുപ്പ് 30-10-2012-ലെ

കത്ത് മുഖേനയും ഖണ്ഡിക 11-ലെ ശിപാർശ സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ് 8-12-2010-ലെ കത്ത് മുഖേനയും, ഖണ്ഡിക 7, 10, 12, 14, 17 എന്നിവയിലെ ശിപാർശകളിന്മേൽ പരിസ്ഥിതി (എ) വകുപ്പ് 29-10-2011-ലെ കത്ത് മുഖേനയും ലഭ്യമാക്കിയ റിപ്പോർട്ടുകൾ 31-12-2012-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും 9, 12 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും പരിസ്ഥിതി (എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും അംഗീകരിക്കുകയും ഖണ്ഡിക 10, 11, 15, 16, 17 എന്നിവയിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക 10, 16, 17 എന്നിവയിലെ ശിപാർശകളിന്മേൽ 31-12-2012-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരങ്ങൾ സംബന്ധിച്ച് ജലവിഭവ (ഭൂജല) വകുപ്പ് 29-5-2013-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 7-8-2014-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 15-ലെ ശിപാർശയിന്മേൽ ജലവിഭവ (ഭൂജല) വകുപ്പ് 16-4-2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 26-8-2015-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത അധിക വിവരങ്ങളടങ്ങിയ റിപ്പോർട്ട് ജലവിഭവ (ഭൂജല) വകുപ്പ് 6-2-2020-ലെ കത്ത് മുഖേനയും ഖണ്ഡിക 15-ലെ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ് 1-3-2021-ലെ കത്ത് മുഖേനയും ലഭ്യമാക്കുകയും ടി റിപ്പോർട്ടുകൾ 19-10-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 11-ലെ ശിപാർശയിന്മേൽ വ്യക്തതയുള്ള റിപ്പോർട്ട് ലഭ്യമാക്കണ മെന്ന് 31-12-2012-ലെ സമിതി യോഗം ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിൻ പ്രകാരം ടി വകുപ്പ് 23-5-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 4-12-2024-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2009-2011)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടി എന്നിവ ചുവടെ ചേർക്കുന്നു.

<u>ഖണ്ഡിക 9-ലെ ശിപാർശ</u>

പ്ലാച്ചിമടയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പട്ടഞ്ചേരി - പെരുമാട്ടി കുടിവെള്ള പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജലവിഭവ (ജലവിതരണ സി) വകുപ്പ്

(26-3-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട പട്ടഞ്ചേരി പെരുമാട്ടി ഗ്രാമ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം ചെയ്യുന്നതിനായി എൻ.സി./ പി.സി.-യിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ പണി പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ സ്രോതസ്സായ കുന്നംകാട്ടുപതിയിൽ നിന്നും കൊച്ചിക്കാട് വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബി. ആർ. ജി. എഫ്.-ൽ ലഭിച്ച തുക വിനിയോഗിച്ച് വിതരണ ശൃംഖലയിലെ പൈപ്പ് ലൈൻ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രഷർ ഫിൽട്ടർ സ്ഥാപിച്ച് പദ്ധതി മാർച്ച് മാസത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബി.ആർ.ജി.എഫ്.ഫണ്ട് ഉപയോഗിച്ച് പദ്ധതിയുടെ സ്രോതസ്സായ കുന്നംകാട്ടുപതിയിൽ ജലം ശുദ്ധീകരിക്കുന്നതിന് 2.20 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ ഡിസൈനിംഗ്രം എസ്റ്റിമേറ്റും വാട്ടർ അതോറിറ്റി കൺസൾട്ടിംഗ് വിഭാഗമായ വാസ്കോണിന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നു. ഇതിനാവശ്യമായ ഫണ്ട് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതാണ്. എം.എൽ.എ. ഫണ്ട്, ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് രാജീവ് നഗറിലുള്ള തുറന്ന കിണറിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് നിലവിലുള്ള പൈപ്പ് ലൈനിൽ കൂടി ശുദ്ധജലം ഭാഗികമായി നൽകി വരുന്നുണ്ട്. പ്ലാച്ചിമട പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മേൽ വിവരിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക 10-ലെ ശിപാർശ

കൊക്കകോള ഫാക്ടറിയുടെ പ്രവർത്തന ഫലമായി നാശനഷ്ടമുണ്ടായവർക്ക് നഷ്ട പരിഹാര തുക നൽകുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക ബന്ധപ്പെട്ടവർക്ക് നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജലവിഭവ (പി. എസ്.) വകുപ്പ്

(8-12-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതി മാർച്ച് 2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ഉന്നതാധികാര സമിതി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം നിർദേശിക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും ആയതിലേക്കുള്ള നിയമ നിർമ്മാണം നടത്തുന്നതിനായി നിയമവകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

31-12-2012-ലെ സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും ടി റിപ്പോർട്ട് അവ്യക്തമായതിനാൽ സമിതിയുടെ ശിപാർശ പ്രകാരം എന്ത് നടപടി സ്വീകരിച്ചു എന്നത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

പരിസ്ഥിതി (എ) വകുപ്പ്

(29-10-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

കൊക്കകോള ഫാക്ടറിയുടെ പ്രവർത്തന ഫലമായി നാശനഷ്ടമുണ്ടായവർക്ക് നഷ്ടപരിഹാര തുക നൽകുന്നതിനായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡും ഉൾപ്പെട്ട ഉന്നതാധികാര സമിതി പരിഗണിച്ചതിനു ശേഷമുള്ള റിപ്പോർട്ടാണ് 22-3-2010-ന് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്.

ജലവിഭവ (ഭൂജല) വകുപ്പ്

(31-12-2012-ലെ സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം

29-5-2013-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം നിർദേശിക്കുന്നതിനായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുകയും 24-2-2011-ൽ കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതിനായി 29-3-2011-ൽ ബഹു. കേരള ഗവർണർ ജി.എസ്. 5-736/11 നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിഷയത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട സംസ്ഥാന സർക്കാരിന്റെ വിശദീകരണം / സ്പഷ്ടീകരണം 17-11-2011-ലെ 14227/ലെഗ്എഫ്2/11/നിയമം നമ്പർ കത്ത് മുഖേനയും 3-7-2012-ലെ 10388/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് മുഖേനയും ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതും ആയതിൽ പ്രസിഡന്റിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടികളെടുക്കണമെന്ന് നിയമ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ഖണ്ഡിക 11-ലെ ശിപാർശ

പട്ടികവർഗക്കാർ ധാരാളമായി അധിവസിക്കുന്ന പെരുമാട്ടി പഞ്ചായത്തിലെ നന്ദിയോട് ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും ഒഴിവുകൾ നികത്താനും കൂടുതൽ കിടക്കകളും മറ്റ് സൗകര്യങ്ങളും അനുവദിക്കാനും ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

(8-12-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ മൂന്ന് തസ്തികകൾ അനുവദിച്ചിട്ടുണ്ട് (സിവിൽ സർജൻ - ഒന്ന്, അസിസ്റ്റന്റ് സർജൻ - രണ്ട്). അതിൽ അസിസ്റ്റന്റ് സർജന്റെയും സിവിൽ സർജന്റെയും ഓരോ ഒഴിവുകൾ നിലവിലുണ്ടായിരുന്നു. പി. എസ്. സി. നിയമനത്തിലൂടെ അസിസ്റ്റന്റ് സർജന്റെ നിലവിലുള്ള ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജന്റെ ഒഴിവിലേയ്ക്ക് പ്രൊവിഷണൽ പ്രൊമോഷൻ വഴി ഒരാളെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒഴിഞ്ഞ് കിടക്കുന്ന മറ്റ് തസ്തികകൾ പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഐ. പി. എച്ച്. പാറ്റേൺ നിലവിൽ വന്നിട്ടുള്ളതിനാൽ ആയത് നടപ്പിലാക്കുമ്പോൾ കൂടുതൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെടുകയും കിടക്കകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാകുകയും ചെയ്യും.

മേല്പറഞ്ഞ നടപടി റിപ്പോർട്ട് 31-12-2012-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് അവ്യക്തമാണെന്ന് അഭിപ്രായപ്പെടുകയും നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ദീർഘകാലം കത്തിടപാടുകൾ നടത്തിയതിനെ തുടർന്ന് ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് 23-5-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ തസ്തികയിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 2 എന്നീ പോസ്റ്റുകളാണ് സമിതിയുടെ സന്ദർശന വേളയിൽ ഉണ്ടായിരുന്നത്. അതിൽ ഒരു സിവിൽ സർജൻ, ഒരു അസിസ്റ്റന്റ് സർജൻ എന്നിവരുടെ ഒഴിവുണ്ടായിരുന്നു. ഇതിനുശേഷം ഈ രണ്ട് ഒഴിവിലേയ്ക്കും നിയമനം നടത്തുകയും മൂന്ന് ഡോക്ടർമാരുടേയും സേവനം ഈ സ്ഥാപനത്തിൽ ലഭ്യമാക്കി വരികയും ചെയ്യുന്നു.

നിലവിൽ 16-2-2023-ന് സിവിൽ സർജൻ സ്ഥലംമാറ്റം കിട്ടി പോയതിനാൽ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ താഴെ പറയുന്ന പോസ്റ്റുകൾ ഉണ്ട്.

സിവിൽ സർജൻ	1	1 ഒഴിവ്
അസിസ്റ്റന്റ് സർജൻ	2	
ക്ലാർക്ക്	2	
ഡ്രൈവർ	2	
ഹെൽത്ത് ഇൻസ്പെക്ടർ	1	
ഹെൽത്ത് സൂപ്പർവൈസർ	1	
ആശുപത്രി അറ്റൻഡന്റ്	1	
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	3	1 ഒഴിവ്
ജെ. പി. എച്ച്. എൻ.	6	2 ഒഴിവ് - പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ 1 ഒഴിവ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തി
ലാബ് ടെക്നീഷ്യൻ	1	
നഴ്സിംഗ് അസിസ്റ്റന്റ്	2	
ഓഫീസ് അറ്റൻഡന്റ്	1	
ഒപ്റ്റോമെട്രിസ്റ്റ്	1	
പി. റ്റി. എസ്.	1	
ഫാർമസിസ്റ്റ്	1	
പി. എച്ച്. എൻ. എസ്.	1	
റേഡിയോഗ്രാഫർ	1	
സ്റ്റാഫ് നഴ്സ്	2	

ഈ മൂന്ന് ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി എല്ലാ തസ്തികയിലും ജീവനക്കാർ ഉണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ ആർദ്രം രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 113/2018/ആകുവ, തിരുവനന്തപുരം, തീയതി 16.06.2018 പ്രകാരം നന്ദിയോട് സി. എച്ച്. സി. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാണ് (എഫ്. എച്ച്. സി.). നിലവിൽ ആർദ്രം മാനദണ്ഡ പ്രകാരമാണ് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നത്. സി. എച്ച്. സി. നന്ദിയോട് എഫ്. എച്ച്. സി. ആയത് പ്രകാരം ഒരു സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നന്ദിയോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐ. പി. സേവനം ഇല്ല. നിലവിൽ നന്ദിയോട് എഫ്. എച്ച്. സി.-യിൽ രാവിലെ 9.00 മുതൽ വൈകുന്നേരം 6.00 മണി വരെ ഒ. പി., പ്രീ ചെക്കപ്പ്, പോസ്റ്റ് ചെക്കപ്പ്, എൻ. സി. ഡി. ക്ലിനിക്, ആശ്വാസ് സേവനങ്ങൾ നൽകുന്നുണ്ട്. പ്രതിദിന ഒ. പി. 250-300 ആണ്. നിലവിലെ സർക്കാർ നിയമം അനുസരിച്ച് ബ്ലോക്ക് എഫ്. എച്ച്. സി.-യിലാണ് ഐ. പി. സൗകര്യം ഉള്ളത്. എഫ്. എച്ച്. സി. ആയതിനാൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഈ സ്ഥാപനത്തിന് ലഭിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ബഹുനില കെട്ടിട നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 2011-12 കാലഘട്ടത്തിൽ ലാബ് കൂടുതൽ നവീകരിക്കുകയും നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. 2021 മുതൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നന്ദിയോട് സാമൂഹിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയും സ്ഥാപനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ജനപ്രതിനിധികളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും അധികാരികളുടെയും മേൽനോട്ടത്തിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിൽ നടന്നു വരികയും ചെയ്യുന്നുണ്ട്.

ഖണ്ഡിക 12-ലെ ശിപാർശ

കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം പ്ലാച്ചിമടയിൽ സംഭവിച്ചിട്ടുള്ള പരിസര മലിനീകരണം, കുടിവെള്ള ക്ഷാമം എന്നിവ സംബന്ധിച്ച വിഷയത്തിൽ ഓരോ വകുപ്പും സ്വീകരിച്ച നടപടികൾ സമിതിയെ അടിയന്തരമായി അറിയിക്കണമെന്നും പ്രശ്ന പരിഹാരത്തിനായി വകുപ്പുകൾ ഏകോപിപ്പിച്ചിട്ടുള്ള സമീപനം കൈക്കൊള്ളണമെന്നും ടി പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജലവിഭവ (ജലവിതരണ സി) വകുപ്പ്

(26-3-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട പട്ടഞ്ചേരി പെരുമാട്ടി ഗ്രാമ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം ചെയ്യുന്നതിനായി എൻ.സി./പി.സി.-യിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ പണി പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ സ്രോതസ്സായ കുന്നംകാട്ടുപതിയിൽ നിന്നും കൊച്ചിക്കാട് വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബി.ആർ.ജി. എഫ്.-ൽ ലഭിച്ച തുക വിനിയോഗിച്ച് വിതരണ ശൃംഖലയിലെ പൈപ്പ് ലൈൻ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രഷർ ഫിൽട്ടർ സ്ഥാപിച്ച് പദ്ധതി മാർച്ച് മാസത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബി.ആർ.ജി.എഫ്. ഫണ്ട് ഉപയോഗിച്ച് പദ്ധതിയുടെ സ്രോതസ്സായ കുന്നംകാട്ടുപതിയിൽ ജലം ശുദ്ധീകരിക്കുന്നതിന് 2.20 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ ഡിസൈനിംഗ് എസ്റ്റിമേറ്റും വാട്ടർ അതോറിറ്റി കൺസൾട്ടിംഗ് വിഭാഗമായ വാസ്കോണിന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നു. ഇതിനാവശ്യമായ ഫണ്ട് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതാണ്. എം.എൽ.എ. ഫണ്ട്, ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് രാജീവ് നഗറിലുള്ള തുറന്ന കിണറിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് നിലവിലുള്ള പൈപ്പ് ലൈനിൽ കൂടി ശുദ്ധജലം ഭാഗികമായി നൽകി വരുന്നുണ്ട്. പ്ലാച്ചിമട പ്രദേശത്തെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മേൽ വിവരിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പരിസ്ഥിതി (എ) വകുപ്പ്

(29-10-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

കമ്പനി പരിസരത്തു നിന്നും എടുത്ത സ്ലഡ്ജ് സാമ്പിളിൽ കാഡ്മിയത്തിന്റെ അളവ് അനുവദനീയ പരിധിയിൽ കൂടുതലായി കണ്ടപ്പോൾ 7-8-2003-ൽ ഈ വിവരം ബോർഡ് കമ്പനിയെ അറിയിക്കുകയും അടിയന്തരമായി പുറമെയുള്ള ഏജൻസികൾക്ക് ഈ മാലിന്യം കൊടുക്കുന്നത് നിർത്തി വയ്ക്കാനും ഈ മാലിന്യം വളമായുപയോഗിക്കുന്നത് നിർത്താനും നിർദ്ദേശം നൽകി. കമ്പനിയ്ക്ക് പുറത്ത് കൊടുത്ത സ്ലഡ്ജ് മുഴുവനും ഉടനെ തന്നെ തിരിച്ചെടുക്കാനും കമ്പനി പരിസരത്തു തന്നെ സുരക്ഷിതമായി ഒരിടത്ത് സൂക്ഷിക്കുവാനും മേൽ നടപടികൾ സ്വീകരിച്ചതിനുള്ള റിപ്പോർട്ട് ബോർഡിന് നൽകുവാനും നിർദ്ദേശം നൽകി. കൂടാതെ 19-5-2004-ൽ ബോർഡ് കമ്പനിയ്ക്ക് നൽകിയ കത്തിൽ

കമ്പനിയുടെ സ്ലഡ്ജ് ഹസാർഡസ് മാലിന്യത്തിൽ വരുന്നതാണെന്നും അതിനാൽ അത് വളമായിട്ട് ഉപയോഗിക്കുവാൻ കഴിയില്ല എന്നും വ്യക്തമാക്കിയിരുന്നു. സ്ലഡ്ജ് നിക്ഷേപിക്കുവാൻ ശാസ്ത്രീയമായ സെക്യേർഡ് ലാൻഡ് ഫിൽ അനിവാര്യമാണെന്നും ആയതിന്റെ നിർമ്മാണം എത്രയും വേഗം നടപ്പിലാക്കണം എന്നും നിർദേശിച്ചു. 20-8-2004-ൽബോർഡ് കമ്പനിയ്ക്ക് നൽകിയ കത്തിൽ 12-8-2004-ന് കമ്പനിയിൽ നടത്തിയ പരിശോധനയിൽ കമ്പനി വളമായി നൽകിയ സ്ലഡ്ജ് സമീപത്തുള്ള കർഷകന്റെ പറമ്പിൽ നിന്നും മാറ്റി അവിടെ നല്ല മണ്ണ് കൊണ്ട് മൂടാനും നിർദേശിച്ചു. കൂടാതെ കമ്പനിയുടെ പ്രവർത്തനം മൂലം ഭൂജല മലിനീകരണത്താൽ ബാധിക്കപ്പെട്ട എല്ലാ തദ്ദേശവാസികൾക്കും കുടിവെള്ളം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാനും നിർദേശിച്ചു. ഖര മാലിന്യ നിക്ഷേപത്തിനായി ബോർഡിന്റെ അനുമതിയ്ക്ക് പുതുതായി അപേക്ഷിക്കുവാനും സെക്യേർഡ് ലാൻഡ് ഫിൽ (Secured Land Fill)-ന്റെ നിർമ്മാണ പ്രവർത്തനം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയ്ക്കായി എച്ച്.ഡി.പി.ഇ. ലൈനർ ഇടുന്ന ദിവസം മുൻകൂട്ടി അറിയിക്കുവാനും നിർദേശം നൽകി. 7-9-2004-ന് സുപ്രീം കോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പാഴ്ജല ശുദ്ധീകരണ പ്ലാന്റിൽ റിവേഴ്സ് ഓസ്മോസിസ് സംവിധാനം അടിയന്തരമായി സ്ഥാപിക്കുവാനും അതിലേയ്ക്കുള്ള പ്രൊപ്പോസൽ 10 ദിവസത്തിനുള്ളിൽ ബോർഡിലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ബാംഗ്ലൂർ കാര്യാലയത്തിലും സമർപ്പിക്കുവാനും നിർദേശം നൽകി.

8-2-2005-ന് വീണ്ടും ബോർഡ് സുപ്രീം കോർട്ട് മോണിറ്ററിംഗ് കമ്മിറ്റി (എസ്.സി.എം.സി.)-യുടെ നിർദേശപ്രകാരമുള്ള കുഴൽ മാർഗം കുടിവെള്ളം ബാധിക്കപ്പെട്ടവർക്ക് നൽകണമെന്ന് നിർദേശിച്ചു (ബാധിക്കപ്പെട്ടവരുടെ ലിസ്റ്റും നൽകി). ബോർഡിന്റെ 14-9-2004-ലെ നടപടിക്രമം വഴി രൂപീകരിച്ച ലോക്കൽ ഏരിയ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിയാണ് കുടിവെള്ള പ്രശ്നത്താൽ ബാധിക്കപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയത്. ബോർഡ് നിർദേശിച്ച കാര്യങ്ങൾ നടപ്പിലാക്കാതെ കമ്പനി കുടിവെള്ളം ടാങ്കുകളിൽ അപര്യാപ്തമായ രീതിയിൽ വിതരണം ചെയ്യുകയാണുണ്ടായത്. ഇതുകൂടി കണക്കിലെടുത്ത് 19-8-2005-ന് ബോർഡ് കമ്പനിയ്ക്ക് ജല നിയമ പ്രകാരമുള്ള പ്രവർത്തനാനുമതി നിഷേധിച്ചു. 13-1-2010-ന് കമ്പനിയുടെ ലാൻഡ് ഫില്ലിലും പരിസരത്തും നിക്ഷേപിച്ചിരിക്കുന്ന മുഴുവൻ സ്ലഡ്ജും അമ്പലമേട്ടിലെ ഹസാർഡസ് മാലിന്യ സംസ്കരണത്തിനായി സ്ഥാപിപ്പിച്ചിരിക്കുന്ന പൊതു സംവിധാനത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദേശിച്ചു. കൂടുതൽ നാൾ കമ്പനി പരിസരത്ത് മാലിന്യം സൂക്ഷിക്കുന്നത് സുരക്ഷിതമല്ല എന്നതിനാലാണ് ഈ നിർദേശം നൽകിയത്.

ബോർഡ് 2003-ൽ നടത്തിയ പരിശോധനയിൽ ഒരു കിണറിൽ കാഡ്മിയത്തിന്റെ അളവ് അനുവദനീയ പരിധിയ്ക്ക് മുകളിലായി കണ്ടു. 2005-ലെ പഠനത്തിൽ നാല് കിണറുകളിൽ ലെഡിന്റെ അളവ് കൂടുതലായി കണ്ടു. എന്നാൽ 2007-ലെ പഠനത്തിൽ ഒരു കിണറിലും കാഡ്മിയത്തിന്റെയും ലെഡിന്റെയും സാന്നിധ്യം കണ്ടില്ല.

മാർച്ച് 2007 മുതൽ കുടിവെള്ള വിതരണം കമ്പനി നിർത്തി വച്ചതായി അറിയുന്നു.

ഖണ്ഡിക 14-ലെ ശിപാർശ

ഇത്തരം കമ്പനികൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതി നൽകുമ്പോൾ, പ്രസ്തുത കമ്പനികളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതം തുടങ്ങിയ അനന്തര ഫലങ്ങളെക്കുറിച്ച് ബോർഡിന് ശരിയായ ധാരണയുണ്ടായിരിക്കണമെന്നും, അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും യഥാസമയം പരിശോധന നടത്തുന്നതിനും കമ്പനികൾക്കുള്ള പ്രവർത്തന പരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം അലംഭാവമില്ലാതെ വിനിയോഗിക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പരിസ്ഥിതി (എ) വകുപ്പ്

(29-10-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

മലിനീകരണ നിയന്ത്രണ ബോർഡിൽ ഒരു വ്യവസായം സ്ഥാപിക്കുന്നതിനായി അനുമതിയ്ക്കപേക്ഷിക്കുമ്പോൾ ആ വ്യവസായം മൂലം ഉടലെടുക്കാവുന്ന ജല, വായു മലിനീകരണം തടയുവാനുതകുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാനുള്ള നിബന്ധകളോടുകൂടി സ്ഥാപനാനുമതി പത്രമാണ് നൽകുന്നത്. ആയവ സ്ഥാപിച്ചിട്ടുണ്ട് എന്ന് ബോധ്യമായാൽ മാത്രമേ ആ വ്യവസായ സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകാറുള്ളൂ. ബോർഡ് 21-7-1999-ൽ കമ്പനിയ്ക്ക് നിബന്ധനാ വിധേയമായി സ്ഥാപനാനുമതി നൽകി. നിർദേശിച്ച സംവിധാനങ്ങളെല്ലാം നിർമ്മാണ വേളയിൽ തന്നെ കമ്പനി ഏർപ്പെടുത്തി. ആയതിനാൽ 19-2-2000-ൽ കമ്പനി പുറന്തള്ളുന്ന പാഴ്ജലത്തിന് ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കണം എന്ന നിർദേശത്തോടു കൂടിയാണ് ജല നിയമ പ്രകാരമുള്ള പ്രവർത്തനാനുമതി നൽകിയത്. വായു നിയമ പ്രകാരമുള്ള അനുമതി പത്രവും നൽകി. ഒരു വ്യവസായ സ്ഥാപനം അവർ ഉപയോഗിക്കുവാനുദേശിക്കുന്ന അസംസ്കൃത വസ്തുക്കൾ/ആ സ്ഥാപനത്തിൽ പ്രവർത്തനത്തിൽ ഉപയോഗിക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കളും / ഉത്പന്നവും ഉപ ഉത്പന്നവും വെളിപ്പെടുത്തേണ്ടതാണ്. എന്നാൽ മാത്രമേ അവിടെ നിന്ന് പുറന്തള്ളുന്ന മാലിന്യത്തിൽ എന്തെല്ലാം ഘടകങ്ങൾ ഉണ്ടാകും എന്ന് കണ്ടെത്താനും അതിൽ നിന്നുള്ള മലിനീകരണ സാധ്യത മനസ്സിലാക്കാനും അതനുസരിച്ചുള്ള ശുദ്ധീകരണ / നിർമ്മാർജ്ജന പ്രക്രിയ നിർദേശിക്കാനും സാധിക്കുകയുള്ളൂ.

കൊക്കകോള കമ്പനിയുടെ കാര്യത്തിൽ കാഡ്മിയം മൂലമുള്ള മലിനീകരണം മണ്ണിലും വെള്ളത്തിലും എത്തിയപ്പോൾ മാത്രമാണ് അവർ കാഡ്മിയം / കലർന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി മനസ്സിലാക്കാനായത്. കമ്പനിയുടെ മാലിന്യങ്ങളിൽ കാഡ്മിയത്തിന്റെ അംശം കണ്ടപ്പോൾ അതിന്റെ ഉറവിടം വെളിപ്പെടുത്തണമെന്ന് ബോർഡ് ആവശ്യപ്പെടുകയും കമ്പനി അതനുസരിക്കാതിരിക്കുകയുമാണുണ്ടായത്. കമ്പനിയ്ക്ക് ബോർഡിന്റെ നിർദേശങ്ങൾ അപ്പപ്പോൾ കൊടുക്കുകയും ആയത് പാലിക്കപ്പെടാതെ വന്നപ്പോൾ അനുമതി നിഷേധിക്കുകയുമാണ് ഉണ്ടായത്. എന്നാൽ കേരള ഹൈക്കോടതി 16-1-2006-ലെ വിധി പ്രകാരം കമ്പനിയെ ബോർഡിന്റെ അനുമതി കൂടാതെ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുകയുണ്ടായി. ഇതിനെതിരെ ബോർഡ് സുപ്രീം കോടതിയിൽ സമർപ്പിച്ച പ്രത്യേകാനുമതി ഹർജി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക 15-ലെ ശിപാർശ

പ്ലാച്ചിമടയിലെ സമരങ്ങളുടെ ഭാഗമായി നിരവധി കമ്മിറ്റികൾ പഠനം നടത്തിയെങ്കിലും പ്ലാച്ചിമട നിവാസികൾ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിട്ടില്ല. അതിനാൽ പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായി ജനങ്ങൾക്കുണ്ടായ യഥാർത്ഥ പ്രശ്നങ്ങളുടെ ഉറവിടവും കാർഷിക മേഖലയിലും പരിസ്ഥിതി-ആരോഗ്യ രംഗത്തും സാമ്പത്തിക രംഗത്തുമുണ്ടായ ഭീമമായ നാശത്തിന്റെ സ്വഭാവവും വ്യാപ്തിയും സംബന്ധിച്ച് ഒരു വിദഗ്ധ പഠനം നടത്തി ഇത്തരം സാമൂഹിക നാശനഷ്ടങ്ങൾ സംസ്ഥാനത്ത് മറ്റെങ്ങും ആവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്

(1-12-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

"പ്ലാച്ചിമട പരിസരത്തും മറ്റ് സമീപ പ്രദേശത്തുമുള്ള തുറസ്സായ കിണറുകളിൽ നിന്നും വെള്ളം ശേഖരിച്ച് പരിശോധിച്ചതിൽ വെള്ളത്തിൽ ക്ലോറിന്റെ അംശം കൂടുതലാണെന്നും അതിനാൽ കുടിക്കാൻ ഉപയോഗിക്കരുതെന്നുമുള്ള നിർദേശം നൽകിയിട്ടുണ്ടായിരുന്നു."

പ്രസ്തുത റിപ്പോർട്ട് 31-12-2012-ലെ സമിതി യോഗം പരിഗണിക്കുകയും ടി റിപ്പോർട്ട് തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

അതിൻ പ്രകാരം ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ് 1-3-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

21-7-1999-ൽ ഫാക്ടറിയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്ത് പ്രവർത്തനാനുമതി നൽകിയിരുന്നു. കൂടാതെ ജല നിയമ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി പ്രവർത്തനാനുമതി 19-2-2000-ൽ നൽകിയിട്ടുണ്ട്. തുടക്കത്തിൽ കമ്പനി ഖരമാലിന്യ സംസ്കരണം നല്ല രിതിയിൽ നടത്തിയിരുന്നു. ഖരമാലിന്യങ്ങൾ കമ്പനി സ്വന്തം സ്ഥലത്ത് വളമായി ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീട് കമ്പനി ഖരമാലിന്യങ്ങൾ ശരിയല്ലാത്ത രീതിയിൽ പുറന്തള്ളാൻ ആരംഭിച്ചു. കാഡ്മിയം പോലുള്ള വിഷ വസ്തുക്കളാണ് പുറം തള്ളിയിരുന്നത്. ഈ മാലിന്യങ്ങൾ പരിസരത്തെ കിണറുകളെയും കുളങ്ങളെയും മറ്റ് ജല സ്രോതസ്സുകളെയും മലിനമാക്കാൻ തുടങ്ങി. അനുവദനീയമായ പരിധി 50 മില്ലി ഗ്രാം / കിലോഗ്രാം ആയിരിക്കെ അതിന്റെ നാല് മുതൽ ആറിരട്ടി വരെ കാഡ്മിയം പുറംതള്ളിയിരുന്നു. പ്രസ്തുത മാലിന്യത്തിന്റെ ഉറവിടം കമ്പനി പുറത്തറിയിച്ചിരുന്നുമില്ല. ജല മലിനീകരണം, ജലസ്രോതസ്സുകൾ തുടങ്ങിയ കാരണങ്ങളാൽ പഞ്ചായത്തും മറ്റ് അനുബന്ധ സ്ഥാപനങ്ങളും കമ്പനിക്കെതിരെ ശബ്ദമുയർത്തി തുടങ്ങി. ജല മലിനീകരണം തരണം ചെയ്യാനായി വ്യാപകമായി ശുദ്ധജലം വിതരണം ചെയ്യ തുടങ്ങി. മലിനപ്പെട്ട കിണറുകളും മറ്റ് ജല സ്രോതസ്സുകളും ആരോഗ്യവകുപ്പ് ജില്ലാ അധികാരികളുടെ നേതൃത്വത്തിൽ സ്ഥല സന്ദർശനം, പരിശോധനകൾ എന്നിവ നടത്തിയിരുന്നു. ജല മലിനീകരണം തടയുന്നതിനും പരിഹരിക്കുന്നതിനും ജനങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ എടുക്കുകയും പരിഹാര മാർഗങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. മലിനമായ കിണറുകളും മറ്റും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ശുദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മലിനീകരണത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും രോഗ പ്രതിരോധ മാർഗ്ഗങ്ങളെയും ചികിത്സാ രീതികളെയും കുറിച്ച് മനസ്സിലാക്കി കൊടുത്തിട്ടുണ്ട്. മലിനജല ഉപയോഗത്തിനാൽ പെരുമാട്ടി പഞ്ചായത്തിലെ ആളുകൾക്ക് ചില ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയിരുന്നു. ഛർദ്ദി, വയറിളക്കം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ സാധാരണയിൽ നിന്നും അധികമായി കണ്ടെത്തി. ആരോഗ്യ വകുപ്പിന്റെ ചുമതലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വേണ്ട ചികിത്സ നടത്തുകയും ചെയ്തിട്ടുണ്ട്. മാലിന്യം മാറുന്നതുവരെയ്ക്കും കിണറുകളുടെ ശുദ്ധീകരണവും ശുദ്ധജല വിതരണവും നടത്തിയിരുന്നു. പ്ലാച്ചിമട കൊക്കകോള കമ്പനി 2016-ൽ അടച്ചു പൂട്ടിയിട്ടുണ്ട്.

<u>ജലവിഭവ (ഭൂജല) വകുപ്പ്</u>

(30-10-2012-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള നഷ്ടം വിലയിരുത്തിക്കൊണ്ട് വിദഗ്ധ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ 24-2-2011-ന് കേരള നിയമസഭ പാസ്സാക്കി. 29-3-2011-ന് രാഷ്ട്രപതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

ജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾ ഭാവിയിൽ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനായി കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ളതാണോ എന്ന് പരിശോധിക്കുന്നതിനായി ജില്ലാ തലത്തിൽ ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ ചെയ്യുന്ന അപേക്ഷകൾ കേരള ഭൂജല അതോറിറ്റിയ്ക്ക് സമർപ്പിക്കുന്നു. അതോറിറ്റിയുടെ തീരുമാന പ്രകാരമാണ് ഭൂജല ഉപയോഗക്രമത്തിന്റെ അനുമതി (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) നൽകുന്നത്. പ്രസ്തുത നിയന്ത്രണങ്ങൾ / മാനദണ്ഡങ്ങൾ പാലിക്കുന്നതുവഴി കൂടിവെള്ള ലഭ്യതയുടെ സുസ്ഥിരത ഒരു പരിധി വരെ നിലനിർത്തുവാൻ കഴിയുന്നതാണ്.

പ്രസ്തുത റിപ്പോർട്ട് 31-12-2012-ലെ സമിതി യോഗം പരിഗണിക്കുകയും ടി ശിപാർശയിന്മേലുള്ള വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

അതിൻ പ്രകാരം ജലവിഭവ (ഭൂജല) വകുപ്പ് 16-4-2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ വിലയിരുത്തിക്കൊണ്ട് വിദഗ്ധ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി സംസ്ഥാന നിയമസഭ നിയമം പാസ്സാക്കി രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതി നിയമ ലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ഭരണഘടന അനുശാസിക്കും പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ (NGT) ആക്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായുണ്ടാകുന്ന ദുരിതങ്ങൾക്കുള്ള നഷ്ട പരിഹാരത്തിനായി പ്രസ്തുത ട്രിബ്യൂണലിനെ സമീപിക്കേണ്ടതാണെന്ന നിർദേശത്തോടെ കേന്ദ്ര സർക്കാർ പ്രസ്തുത കരട് ബിൽ നിരാകരിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ നിർദേശത്തിന്മേൽ സംസ്ഥാനം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്.

ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗപ്പെടുത്തുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ളതാണോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ജില്ലാ തലത്തിൽ ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ

ചെയ്യുന്ന അപേക്ഷകൾ കേരള ഭൂജല അതോറിറ്റിയ്ക്ക് സമർപ്പിക്കുന്നു. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ട് ആണ് 2002-ലെ ഭൂജല ക്രമീകരണവും നിയന്ത്രണവും ആക്ട്. ഈ ആക്ട് പ്രകാരം സംസ്ഥാന സർക്കാർ ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അതോറിറ്റിയുടെ ശിപാർശയിന്മേൽ ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ചൂഷണമോ ഉപയോഗമോ ക്രമീകരിക്കേണ്ടത് പൊതുതാത്പര്യാർത്ഥം ആവശ്യമാണെന്ന് ബോധ്യമാകുന്ന പക്ഷം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി അതിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി അങ്ങനെയുള്ള പ്രദേശത്തെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്.

വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് സ്വന്തമായോ സാമൂഹികാടി- സ്ഥാനത്തിലോ ഉള്ള ഏതെങ്കിലും ആവശ്യത്തിന് ഒരു കിണർ കുഴിക്കാനോ നിലവിലുള്ള കിണറിനെ ഒരു പമ്പ് ചെയ്യുന്ന കിണറായി പരിവർത്തനം ചെയ്യാനോ ആഗ്രഹിക്കുന്ന ഏതൊരാളും ആ ആവശ്യത്തിലേയ്ക്ക് പെർമിറ്റ് ലഭിക്കാനായി ജല അതോറിറ്റിയ്ക്ക് അപേക്ഷ നൽകേണ്ടതും അതോറിറ്റി പെർമിറ്റ് നൽകാത്തിടത്തോളം പ്രസ്തുത കുഴിപ്പിക്കലോ പരിവർത്തനം ചെയ്യലോ സംബന്ധിച്ച പ്രവർത്തനവുമായി മുന്നോട്ടു പോകാൻ പാടില്ലാത്തതുമാകുന്നു.

അതോറിറ്റി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുമ്പോൾ താഴെപ്പറയുന്ന സംഗതികൾ പരിഗണിക്കേണ്ടതുണ്ട്.

(എ) ജലം ഏതാവശ്യത്തിന് / ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്,

(ബി) ആ പ്രദേശത്തിന്റെ നിലവിലുള്ള മറ്റ് ഉപഭോക്താക്കൾ,

(സി) ആ പ്രദേശത്തിന്റെ ഭൂജലത്തിന്റെ ലഭ്യത,

(ഡി) ഭൂജലത്തിന്റെ, അതിന്റെ ഉപയോഗവുമായി ബന്ധപ്പെടുത്തിയുള്ള, ഗുണനിലവാരം,

(ഇ) അടുത്ത് സ്ഥിതി ചെയ്യുന്ന കിണറുമായി നിർദ്ദിഷ്ട കിണറിനുള്ള അകലവും ആ പ്രദേശത്തുള്ള കിണറുകളുടെ എണ്ണവും, നിലവിലുള്ള കിണറുകളുമായി ഇടപെടാനുള്ള സാധ്യതയും,

(എഫ്) ഭൂജല മലിനീകരണ സാധ്യത,

(ജി) ആ പ്രദേശത്തുള്ള ഭൂജല നിരപ്പിന്റെ ദീർഘകാല സ്വഭാവ രീതി,

(എച്ച്) അതിന് സംഗതമായിട്ടുള്ള മറ്റേതെങ്കിലും ഘടകം.

മേല്പറഞ്ഞ രീതിയിൽ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള കഴൽ കിണർ നിർമ്മാണങ്ങൾ ഭ്രജല അതോറിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി നിയന്ത്രിക്ക പ്പെട്ടിട്ടുള്ളതിനാൽ പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ഉണ്ടായ സാമൂഹിക നാശനഷ്ടങ്ങൾ മറ്റെങ്ങും ആവർത്തിക്കില്ലെന്ന് ഉറപ്പു വരുത്താൻ കഴിയും.

മേല്പറഞ്ഞ റിപ്പോർട്ട് 26-8-2015-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടാണോ ജല അതോറിറ്റി അനുമതി നൽകിയിട്ടുള്ളതെന്ന് ഭ്രഗർഭ ജല അതോറിറ്റിയോട് ആരാഞ്ഞ ശേഷം ടി വിവരം സമിതിയെ അറിയിക്കണമെന്ന് ജലവിഭവ (ഭ്രജല) വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

അതിൻ പ്രകാരം ജലവിഭവ (ഭ്രജല) വകുപ്പ് 6-2-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

സാമൂഹികാടിസ്ഥാനത്തിലോ, വ്യാവസായികാവശ്യത്തിനോ കഴൽ കിണർ നിർമ്മിക്കുകയോ നിലവിലുള്ള കിണറിനെ പമ്പിംഗ് കിണറായി പരിവർത്തന പ്പെടുത്തുകയോ ചെയ്യുമ്പോൾ 16-4-2015-ൽ നൽകിയ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നിബന്ധനകളെല്ലാം പാലിച്ചുകൊണ്ട് തന്നെയാണ് അനുമതി നൽകി വരുന്നതെന്നും കൊക്കകോള കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

ഖണ്ഡിക 16-ലെ ശിപാർശ

വെള്ളം മലിനീകരിക്കപ്പെട്ടതിലൂടെയും കൃഷിവെള്ള ശോഷണത്തിലൂടെയും ആരോഗ്യ പ്രശ്നങ്ങളിലൂടെയും പരിസ്ഥിതി നാശത്തിലൂടെയും ഒരു പ്രദേശത്തെ ജനതയ്ക്ക് സാമ്പത്തികവും സാമൂഹികവും ആരോഗ്യപരവുമായ വിനാശം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ദുർബലരായ ആദിവാസികളും കർഷകരുമുൾക്കൊള്ളുന്ന ഒരു ജനതയുടെ ജീവിതം ദുസ്സഹമാക്കിതീർത്തതിനുള്ള മുഴുവൻ നഷ്ടവും കണക്കാക്കി നഷ്ടപരിഹാരം കൊക്കകോള കമ്പനിയിൽ നിന്നു തന്നെ ഈടാക്കി നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജലവിഭവ (പി. എസ്.) വകുപ്പ്

(8-12-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതി മാർച്ച് 2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ഉന്നതാധികാര സമിതി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം നിർദേശിക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും ആയതിലേക്കുള്ള നിയമ നിർമ്മാണം നടത്തുന്നതിനായി നിയമ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

31-12-2012-ലെ സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും ടി റിപ്പോർട്ട് അവ്യക്തമായതിനാൽ സമിതിയുടെ ശിപാർശ പ്രകാരം എന്ത് നടപടി സ്വീകരിച്ചു എന്നത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ജലവിഭവ (ഭൂജല) വകുപ്പ്

(29-5-2013-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം നിർദേശിക്കുന്നതിനായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുകയും 24-2-2011-ൽ കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതിനായി 29-3-2011-ൽ ബഹു. കേരള ഗവർണർ ജി. എസ്. 5-736/11 നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിഷയത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട സംസ്ഥാന സർക്കാരിന്റെ വിശദീകരണം/സ്പഷ്ടീകരണം 17-11-2011-ലെ 14227/ലെഗ്എഫ്2/11/നിയമം നമ്പർ കത്ത് മുഖേനയും,3-7-2012-ലെ 10388/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് മുഖേനയും ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതും ആയതിൽ പ്രസിഡന്റിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടികളെടുക്കണമെന്ന് നിയമ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ഖണ്ഡിക 17-ലെ ശിപാർശ

പ്ലാച്ചിമടയിൽ സംഭവിച്ചത് പോലെയുള്ള അമിത ഭൂഗർഭ ജല ചൂഷണവും കമ്പനിയിലെ വിഷാംശമടങ്ങിയ പാഴ്ജലം ട്യൂബ് വഴി പമ്പ് ചെയ്ത് മണ്ണിനടിയിൽ നിക്ഷേപിക്കുന്നത് കാരണമുള്ള ഭൂഗർഭ ജല മലിനീകരണവും ആവർത്തിക്കാതിരിക്കുന്നതിനായി ബന്ധപ്പെട്ട ഭൂജല, പരിസ്ഥിതി നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളും കർക്കശമായ വ്യവസ്ഥകളും ഉൾപ്പെടുത്തുന്നതിന് നടപടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജലവിഭവ (പി. എസ്.) വകുപ്പ്

(8-12-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

അമിത ഭൂജല ചൂഷണം തടയുന്നതിനും ഭൂഗർഭജല മലിനീകരണം ആവർത്തിക്കാതിരിക്കുന്നതിനുമായി നിലവിലുള്ള കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പരിസ്ഥിതി (എ) വകുപ്പ്

(29-10-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

പാഴ്ജലം ട്യൂബ്/പൈപ്പ് വഴി പമ്പ് ചെയ്ത് മണ്ണിനടിയിൽ നിക്ഷേപിക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടില്ല എന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് നൽകി.

കൊക്കകോള കമ്പനിയെ സംബന്ധിച്ചിടത്തോളം വലിയൊരളവിൽ കണക്കാക്കാവുന്ന ജലം അസംസ്കൃത വസ്തുവായി ഉപയോഗിച്ചുവരുന്നുണ്ടെന്നും ഇങ്ങനെ അസംസ്കൃത വസ്തുവായി ജലം ഉപയോഗപ്പെടുത്തുകയാണെങ്കിൽ ആയതിന് ഒരു നിശ്ചിത വില കണക്കാക്കി ബാധകമായ നികുതികൾ ഉൾപ്പെടെ വസൂലാക്കുന്നതിനും കൂടാതെ വളരെ കനത്ത രീതിയിലുള്ള സെസ്സ് ഈടാക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ മാറ്റം വരുത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ഡയറക്ടറേറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജലവിഭവ (ഭൂജല) വകുപ്പ്

(29-5-2013-ലെ കത്ത് മുഖേന ലഭ്യമാക്കിയത്)

അമിത ഭൂജല ചൂഷണം തടയുന്നതിനും ഭൂഗർഭ ജലമലിനീകരണം ആവർത്തിക്കാതിരിക്കുന്നതിനുമായി നിലവിലുള്ള കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം 28474/ജി.ഡബ്ല്യു.I/2008/ഭൂജവ നമ്പർ ഫയലിൽ കൈകാര്യം ചെയ്തു വരുന്നു. പ്രസ്തുത ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

സമിതിയുടെ മേല്പറഞ്ഞ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ബന്ധപ്പെട്ട ഒരു വകുപ്പ് പോലും പ്രസ്തുത സമയ പരിധിയ്ക്കുള്ളിൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായില്ല. ചില വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് അവ്യക്ത മായതിനാൽ വ്യക്തതയുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതിയ്ക്ക് ടി വകുപ്പുകളോട് ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. നടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുന്നതിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് വളരെയേറെ കാലതാമസം വരുത്തിയിട്ടുള്ളത് എടുത്ത് പറയേണ്ടതായി കാണുന്നു. 18-3-2010-ൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് 23-5-2023-ലാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സമിതി മുമ്പാകെ ലഭ്യമാക്കിയിട്ടുള്ളത്.

സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിന് വേണ്ട ജാഗ്രത ഭാവിയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തു നിന്നുണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

വി. ജോയി
ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
24-2-2026.

©
കേരളനിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ് .